# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5000 30.06.2014-ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം

| | ചോദ്യം<br>ശ്രീ. സി.കൃഷ്ണൻ : | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | എൻഡോസൾഫാൻ പ്രശ്നവുമായി ബന്ധപ്പെട്ട് ഡോ. കെ.പി. അരവിന്ദൻ കമ്മറ്റിയുടെ പരിഗണനയ്ക്കുവിട്ട 3205 പേരിൽ 11 പഞ്ചായത്തുകൾക്ക് പുറത്തുള്ള എത്ര പേർ ആശ്വാസധനത്തിനർഹരായിട്ടുണ്ടെന്ന് പട്ടിക സഹിതം അറിയിക്കുമോ; | (എ) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ആശ്വാസനടപടികൾ അനുവദിക്കുന്നതിലേക്കായി ഡോ.അരവിന്ദൻ അദ്ധ്യക്ഷനായുള്ള സമിതിയുടെ പരിഗണനയ്ക്ക് വിട്ട 3205 ദുരിതബാധിതരിൽ 11 പഞ്ചായത്തിനു പുറത്തുള്ള 231 പേർക്ക് ആശ്വാസ ധനത്തിന് അർഹതയുണ്ടെന്ന് കണ്ടെത്തിയിരുന്നു. പ്രസ്തുത പട്ടികയിലെ മരണപ്പെട്ട 5 പേരൊഴിച്ച് ബാക്കിയുള്ള 226 പേർക്ക് ആശ്വാസധനം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ പ്രകാരമോ, സംസ്ഥാന സർക്കാർ മാനദണ്ഡ പ്രകാരമോ ആശ്വാസ ധനത്തിനായി തെരഞ്ഞെടുത്തവരെ കൂടാതെയുള്ള മറ്റു ദുരിതബാധിതരുടെ കാര്യത്തിൽ ആശ്വാസധനം നൽകുന്നതിന് എന്തെങ്കിലും നടപടികളും സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) യും (സി) യും | ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ പ്രകാരമോ, സംസ്ഥാന സർക്കാർ മാനദണ്ഡ പ്രകാരമോ പ്രത്യേക ആശ്വാസ ധനത്തിനായി തെരഞ്ഞെടുത്തവരെ കൂടാതെയുള്ള മറ്റ് എല്ലാ ദുരിതബാധിതർക്കും താഴെ പ്രതിപാദിച്ച ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നുണ്ട്.<br>1. സൗജന്യ വിദഗ്ധ ചികിത്സ, 2. സൗജന്യ റേഷൻ, 3. ബി.പി.എൽ. കാർഡ്, 4. പ്രതിമാസ പെൻഷൻ ഇവരിൽ പ്രത്യേക ധനസഹായത്തിന് അർഹതയുള്ളവർ ഉണ്ടോ എന്ന കാര്യം കൂടി ഡോ. അരവിന്ദൻ ചെയർമാനായ കമ്മറ്റിയുടെ പരിഗണനയുടെ വിഷയമാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട മറ്റ് ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ലഭ്യമാക്കുമോ? | | |

Manjith

സെക്ഷൻ ഓഫീസർ